# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5611 | 29.07.2015 -ൽ മറുപടിക്ക്

## പി.എസ്.സി.യിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>" വി.റ്റി. ബൽറാം<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" ബെന്നി ബെഹനാൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ കമ്പ്യൂട്ടർവൽക്കരണം മൂന്ന് ഘട്ടങ്ങളായാണ് നടത്തി വരുന്നത്. ഒന്നാം ഘട്ടത്തിൽ അഡ്മിഷൻ ടിക്കറ്റ് ജെനറേഷൻ, അപേക്ഷകളുടെ കമ്പ്യൂട്ടർ വെരിഫിക്കേഷൻ, ബാർകോഡ് റീഡിംഗ്, ഡാറ്റാ എൻട്രി എന്നിവ ആരംഭിച്ചു. രണ്ടാം ഘട്ടത്തിൽ പരീക്ഷാനന്തര ജോലികളായ ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, വിവിധ ജില്ലാ, മേഖലാ ഓഫീസുകളുടെ കമ്പ്യൂട്ടർ സൗകര്യം വിപുലപ്പെടുത്തൽ എന്നിവയും, കേരള പബ്ലിക് സർവീസ് കമ്മീഷന്റെ Website സ്ഥാപിക്കൽ, Software Upgradation എന്നിവയടക്കമുള്ള ജോലികളുമാണ് ഉൾപ്പെട്ടിരുന്നത്. ഇത് 2003-2004-ൽ പൂർത്തിയായി. മൂന്നാം ഘട്ടത്തിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കൽ, പരീക്ഷാ മാർക്ക്, ഉത്തര സൂചിക, നിയമന പട്ടിക ഇവ website-ൽ പ്രസിദ്ധീകരിക്കൽ എന്നിവ നടപ്പാക്കിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷ സ്വീകരിക്കൽ, ഫോട്ടോ പതിച്ച ഓൺലൈൻ അപേക്ഷ സ്വീകരിക്കൽഎന്നിവയും, ഉദ്യോഗാർത്ഥികൾക്ക് ഫോട്ടോ പതിച്ച ഹാൾ ടിക്കറ്റ്, ഇന്റർവ്യൂ മെമ്മോ എന്നിവ down load |

ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കൽ എന്നിവയും നിലവിൽവന്നു. ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സ്വീകരിക്കുന്ന സംവിധാനവും നടപ്പിലാക്കി. One-time Registration, One-time Verification എന്നീ നൂതന സംവിധാനങ്ങൾ ഒരുക്കുകയും അതുവഴി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ഓൺലൈൻ പരീക്ഷാ നടത്തിപ്പിലേയ്ക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ച് പരീക്ഷ നടത്തിവരുന്നു. കോഴിക്കോട് ജില്ലയിൽ പരീക്ഷാകേന്ദ്ര നിർമ്മാണം പുരോഗമിക്കുന്നു. കാസറഗോഡ് ജില്ലാ ഓഫീസ് സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത ഓഫീസായി മാറ്റുകയും ഓൺലൈൻ ആയി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായുള്ള പ്രവർത്തനങ്ങളും, കമ്പ്യൂട്ടർ ഉപയോഗിച്ച് result തയ്യാറാക്കുന്ന സാങ്കേതിക സംവിധാനവും പ്രവർത്തനക്ഷമമായി വരികയുമാണ്. ഇത്തരത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷനിലെ കമ്പ്യൂട്ടർവൽക്കരണം സകല മേഖലകളിലേയ്ക്കും വികസിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്.

| | |
|---|---|
| (സി) ഇത് നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) 2002-2003 മുതൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിവരുന്നത്. ഇത് കൂടാതെ കേന്ദ്ര സർക്കാരിന്റെ Additional Central Assistance(ACA) കൂടി ഉപയുക്തമാക്കിയിട്ടുണ്ട്. |

Gnaden

**സെക്ഷൻ ഓഫീസർ**

13